ആയത് തുടരുന്നതിന് അനുമതി നൽകുകയും ചെയ്ത് സർക്കാർ 4-2-2011-ന് സ.ഉ.(എംഎസ്.) നം. 11/2011/ഉ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്ര സർവ്വീസ് സംസ്ഥാന സർവ്വീസിനോട് ചേർത്ത് പെൻഷന് പരിഗണിക്കുവാൻ വ്യവസ്ഥ

95 (2102) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് അദ്ധ്യാപകരായി കേന്ദ്ര സർവ്വീസിൽ ജോലി നോക്കുകയും തുടർന്ന് സംസ്ഥാന സർവ്വീസിൽ വരികയും ചെയ്തവർക്ക് കേന്ദ്ര സർവ്വീസ് സംസ്ഥാന സർവ്വീസിനോട് ചേർത്ത് പെൻഷന് പരിഗണിക്കുവാൻ വ്യവസ്ഥയുണ്ടോ ; സംസ്ഥാനത്ത് ഇത്തരത്തിൽ ആർക്കെങ്കിലും പെൻഷൻ നൽകിവരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് കോടതി ഉത്തരവുകളോ സർക്കാർ ഉത്തരവുകളോ നിലവിൽ ഉണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നതിനായി കേന്ദ്ര സർക്കാർ സർവ്വിസിൽ നിന്നും സ്വഹിതത്തിൽ പിരിഞ്ഞിട്ടുള്ളവരുടെ കേന്ദ്ര സർക്കാർ സേവനകാലം സംസ്ഥാന സർക്കാർ സർവ്വീസിൽ പെൻഷന് യോഗ്യകാലമായി കണക്കാക്കുന്നതിനു കെ. എസ്. ആർ-ൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് 12-11-2002 മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്. ടി വ്യവസ്ഥകൾ കോളേജ് അദ്ധ്യാപകരായി കേന്ദ്ര സർവ്വീസിൽ ജോലി നോക്കിയശേഷം സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവവേശിച്ചവർക്കും ബാധകമാണ്.

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് കോടതി ഉത്തരവുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ കെ. എസ്. ആർ ചട്ടങ്ങളുടെ പ്രസ്കതഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കൊച്ചിൻ യൂണിവേഴ്സിറ്റിക്ക് നൽകിയ ധനസഹായം

96 (2103) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചിൻ യൂണിവേഴ്സറ്റിക്ക് നൽകിയ ധനസഹായം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ധനസഹായത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly